എ.വൈ.ആർ

സൂറ-12

# യൂസുഫ്

فَبَدَأَ بِأَوۡعِيَتِهِمۡ قَبۡلَ وِعَآءِ أَخِيهِ ثُمَّ ٱسۡتَخۡرَجَهَا مِن وِعَآءِ أَخِيهِۚ كَذَٰلِكَ كِدۡنَا لِيُوسُفَۖ مَا كَانَ لِيَأۡخُذَ أَخَاهُ فِي دِينِ ٱلۡمَلِكِ إِلَّآ أَن يَشَآءَ ٱللَّهُۚ نَرۡفَعُ دَرَجَٰتٖ مَّن نَّشَآءُۗ وَفَوۡقَ كُلِّ ذِي عِلۡمٍ عَلِيمٞ ﴿٧٦﴾

76 അങ്ങനെ യൂസുഫ് സ്വസഹോദരന്റെ ഭാണ്ഡം പരിശോധിക്കുന്നതിന് മുമ്പ് അവരുടെ ഭാണ്ഡങ്ങൾ പരിശോധിച്ചു തുടങ്ങി. ഒടുവിൽ, കാണാതായ ചഷകം സഹോദരന്റെ ഭാണ്ഡത്തിൽനിന്ന് പുറത്തെടുത്തു. ഇപ്രകാരം യൂസുഫിനു വേണ്ടി നാം സൂത്രം പ്രയോഗിച്ചു. അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ, രാജ നീതിയിൽ സഹോദരനെ പിടിച്ചു വെക്കുന്നത് അദ്ദേഹത്തിന് ഉചിതമായിരുന്നില്ല. നാം ഇഛിക്കുന്നവർക്ക് പദവികൾ ഉയർത്തിക്കൊടുക്കുന്നു. എല്ലാ അറിവാളർക്കും മീതെ ഒരു സർവജ്ഞനുണ്ട്.

۞قَالُوٓاْ إِن يَسۡرِقۡ فَقَدۡ سَرَقَ أَخٞ لَّهُۥ مِن قَبۡلُۚ فَأَسَرَّهَا يُوسُفُ فِي نَفۡسِهِۦ وَلَمۡ يُبۡدِهَا لَهُمۡۚ قَالَ أَنتُمۡ شَرّٞ مَّكَانٗاۖ وَٱللَّهُ أَعۡلَمُ بِمَا تَصِفُونَ ﴿٧٧﴾

77 അവർ ജൽപിച്ചു: ഇവൻ മോഷ്ടിച്ചുവെങ്കിൽ അത്ഭുതമില്ല. പണ്ട് ഇവന്റെ ഒരു സഹോദരനും മോഷണം നടത്തിയിട്ടുണ്ട്. യൂസുഫ് ആ വർത്തമാനത്തിന്റെ വേദന മനസ്സിലൊളിപ്പിച്ചു; അവർക്കുമുമ്പിൽ പ്രകടിപ്പിച്ചില്ല. അദ്ദേഹം പറഞ്ഞു: നിങ്ങൾ മഹാദുഷ്ടന്മാർ തന്നെ. നിങ്ങളുന്നയിക്കുന്ന ആരോപണത്തിന്റെ യാഥാർഥ്യം അല്ലാഹുവിന് നന്നായറിയാം.

അവരുടെ ഭാണ്ഡങ്ങൾ കൊണ്ട് =بِأَوۡعِيَتِهِمۡ അങ്ങനെ അദ്ദേഹം (യൂസുഫ് പരിശോധിച്ചു) തുടങ്ങി =فَبَدَأَ

സ്വസഹോദരന്റെ ഭാണ്ഡത്തി(ഭാണ്ഡം പരിശോധിക്കുന്നതി)നു മുമ്പ് =قَبۡلَ وِعَآءِ أَخِيهِ

അതിനെ പുറപ്പെടുവിച്ചു (കാണാതായ ചഷകം പുറത്തെടുത്തു) =ٱسۡتَخۡرَجَهَا പിന്നെ (ഒടുവിൽ) =ثُمَّ

നാം സൂത്രം പ്രയോഗിച്ചു =كِدۡنَا ഇപ്രകാരം =كَذَٰلِكَ അദ്ദേഹത്തിന്റെ സഹോദരന്റെ ഭാണ്ഡത്തിൽനിന്ന് =مِن وِعَآءِ أَخِيهِ

അദ്ദേഹം തന്റെ സഹോദരനെ പിടിച്ചു വെക്കുന്നത് ഭൂഷണമായിരുന്നില്ല =مَا كَانَ لِيَأۡخُذَ أَخَاهُ യൂസുഫിനു വേണ്ടി =لِيُوسُفَ

അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ =إِلَّآ أَن يَشَآءَ ٱللَّهُ രാജാവിന്റെ മതത്തിൽ(രാജ നീതിയിൽ) =فِي دِينِ ٱلۡمَلِكِ

നാം ഇഛിക്കുന്നവർക്ക് =مَّن نَّشَآءُ പദവികൾ =دَرَجَٰتٖ നാം ഉയർത്തുന്നു(ഉയർത്തി കൊടുക്കുന്നു) =نَرۡفَعُ

ഒരു സർവജ്ഞൻ =عَلِيمٞ എല്ലാ അറിവുടയവർക്കും(അറിവാളർക്കും) =كُلِّ ذِي عِلۡمٍ മീതെ(യുണ്ട്) =وَفَوۡقَ

ഇവൻ മോഷ്ടിക്കുന്നുവെങ്കിൽ(അതിൽ അത്ഭുതമില്ല) =إِن يَسۡرِقۡ അവർ പറഞ്ഞു(ജൽപിച്ചു) =قَالُوٓاْ

പണ്ട് =مِن قَبۡلُ അ(ഇ)വന്റെ ഒരു സഹോദരൻ =أَخٞ لَّهُۥ മോഷ്ടിച്ചിട്ടുണ്ട് =فَقَدۡ سَرَقَ

യൂസുഫ് അത്(ആ വർത്തമാനത്തിന്റെ വേദന) സ്വന്തം മനസ്സിൽ ഒളിപ്പിച്ചു, ഒതുക്കിവെച്ചു =فَأَسَرَّهَا يُوسُفُ فِي نَفۡسِهِۦ

അദ്ദേഹം പറഞ്ഞു =قَالَ അത് അവർക്ക് (സഹോദരന്മാർക്കു മുമ്പിൽ പ്രകടിപ്പിച്ചില്ല) വെളിവാക്കിയില്ല =وَلَمۡ يُبۡدِهَا لَهُمۡ

സ്ഥാനത്താൽ(മഹാ) ദുഷ്ടന്മാർ തന്നെ =شَرّٞ مَّكَانٗا നിങ്ങൾ =أَنتُمۡ

അല്ലാഹു ഏറ്റം അറിയുന്നവനാകുന്നു (അല്ലാഹുവിന് നന്നായറിയാം) =وَٱللَّهُ أَعۡلَمُ

നിങ്ങൾ വിശേഷിപ്പിക്കു(ആരോപിക്കു)ന്നതിനെകുറിച്ച് =بِمَا تَصِفُونَ

**76:** സഹോദരന്മാരുടെ ഭാണ്ഡങ്ങൾ പരിശോധിച്ച്, കാണാതായ ചഷകം അതിൽനിന്നു കണ്ടുകിട്ടുകയാണെങ്കിൽ ആരുടെ ഭാണ്ഡത്തിലാണോ ചഷകം കണ്ടത്, അയാളെ അടിമയായി ഈജിപ്തിൽ പിടിച്ചുവെക്കാമെന്ന് അവരെക്കൊണ്ടുതന്നെ സമ്മതിപ്പിച്ച ശേഷം യൂസുഫ്(അ) ഭാണ്ഡങ്ങൾ ഓരോന്നായി പരിശോധിച്ചു തുടങ്ങി. ചഷകമിരിക്കുന്നത് ഏതു ഭാണ്ഡത്തിലാണെന്നറിയാമെങ്കിലും അവർക്ക് സംശയം തോന്നാതിരിക്കാൻ ആദ്യം പരിശോധിച്ചത് ഏറ്റം മൂത്തയാളുടെ ഭാണ്ഡമാണ്. പിന്നെ അയാളുടെ നേരെ അനുജന്റെ. അങ്ങനെ ഒടുവിൽ ബിൻയാമിന്റെ ചാക്ക് പരിശോധിച്ച് അതിൽനിന്ന് ചഷകം കണ്ടെടുത്തു. അതോടെ ബിൻയാമിനെ ഈജിപ്തിൽ പിടിച്ചുനിർത്താനുള്ള ന്യായം കരഗതമായി. ഈ ന്യായം ലഭിക്കുന്നതിനുവേണ്ടി അല്ലാഹു അദ്ദേഹത്തിനു തോന്നിച്ച സൂത്രമായിരുന്നു, മോഷ്ടാവിന് അവരുടെ നിയമത്തിലെ ശിക്ഷ എന്താണെന്ന് അവരോട് അന്വേഷിക്കുകയും അത് മോഷ്ടാവിനെ അടിമയായി പിടിക്കലാണെന്ന് അവരെക്കൊണ്ട് തന്നെ സമ്മതിപ്പിക്കുകയും ചെയ്യുക എന്നത്. യൂസുഫ് അന്വേഷിച്ചതും സഹോദരന്മാർ പറഞ്ഞതും ഇബ്റാഹീമീ ശരീഅത്തിലെ വിധിയാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഞങ്ങൾ ഇത്തരം കുറ്റവാളികളെ ശിക്ഷിക്കാറുള്ളത് ഇങ്ങനെയാണെന്നേ സഹോദരന്മാർ പറയുന്നുള്ളൂ. അതാണ് ഞങ്ങളുടെ ശരീഅത്ത് എന്നോ ഇബ്റാഹീമീ ശരീഅത്ത് എന്നോ പറയുന്നില്ല. ഫലസ്തീനിൽ അക്കാലത്ത് നിലനിന്നിരുന്നത് ഗോത്ര ജീവിതമാണെന്നും വ്യവസ്ഥാപിത ഭരണം ഉണ്ടായിരുന്നില്ലെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. വ്യവസ്ഥാപിത ഭരണം ഉണ്ടായിരുന്നുവെങ്കിൽ തന്നെ അത് ഇബ്റാഹീമീ ശരീഅത്ത് അനുസരിച്ചായിരുന്നു എന്നു കരുതാൻ പ്രയാസമുണ്ട്. ഇബ്റാഹീം നബിയുടെ പുത്രൻ ഇസ്ഹാഖ് നബിയുടെ സന്തതികളും അവരുടെ സന്തതികളും മാത്രം അടങ്ങുന്ന ചെറിയൊരു ഗോത്രമായിരുന്നു അന്ന് ഇസ്രയേലിന്റേത്. യഅ്ഖൂബ് നബിയുടെ രണ്ടാം ഭാര്യയും യൂസുഫിന്റെയും ബിൻയാമിന്റെയും മാതാവുമായ റാഹേലിന്റെ ഫലസ്തീനിയായ പിതാവുപോലും ബഹുദൈവവിശ്വാസിയായിരുന്നുവെന്നാണ് കഥകളിൽ കാണുന്നത്. ഈ സാഹചര്യത്തിൽ ഫലസ്തീനിൽ ഇബ്റാഹീമി ശരീഅത്തു പ്രകാരമുള്ള ഭരണക്രമമുണ്ടാവുക വിദൂരമാണ്. കള്ളനെ പിടിച്ച് അടിമയാക്കുക എന്നത് ഫലസ്തീനിലെ നാട്ടുനടപ്പായിരുന്നിരിക്കാനും സാധ്യതയുണ്ട്. സഹോദരൻ ബിൻയാമിനെ തന്റെയടുത്ത് പിടിച്ചു നിർത്താനുള്ള ഒരു ന്യായമായി യൂസുഫ്(അ) ആ നാട്ടുനടപ്പിനെ ഉപയോഗിച്ചതാണ് എന്നും വരാം. ഏതായാലും ഇതെക്കുറിച്ചാണ് كَذَٰلِكَ كِدْنَا لِيُوسُفَ (ഇപ്രകാരം നാം യൂസുഫിനു വേണ്ടി സൂത്രം പ്രയോഗിച്ചു) എന്നാണ് പറഞ്ഞത്. كيد –തന്ത്രം, സൂത്രം– ൽനിന്നുള്ള ഉത്തമ പുരുഷ ബഹുവചന ക്രിയാരൂപമാണ് كِدْنَا. വസ്തുക്കളെ ഉൾക്കൊള്ളുന്ന പാത്രം, പെട്ടി, കവചം (Vessel, Container) ആണ് وعاء. അതിന്റെ ബഹുവചനം أوعية. അതിന്റെ മൂലം وعي –ഉൾക്കൊള്ളൽ, ഗ്രഹിക്കൽ– ആണ്. കേട്ടു മനസ്സിലാക്കുക എന്ന അർഥത്തിൽ اسمعوا وعوا എന്നു പറയും. وعاء دموي രക്തധമനിയാണ്. وعي طبقي വർഗ ബോധം.

ما كان له എന്ന പ്രയോഗത്തിന്റെ അർഥം നേരത്തെ പല തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ അതിന് രണ്ടു തരത്തിൽ അർഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഒന്ന്, അദ്ദേഹത്തിനു ഭൂഷണമായിരുന്നില്ല. രണ്ട്, അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ആദ്യത്തെ അർഥം കൽപിക്കുന്നവരുടെ വീക്ഷണത്തിൽ വചനസാരമിതാണ്: ഒരു പ്രവാചകൻ എന്ന നിലയിൽ യൂസുഫി(അ)ന്റെ കർത്തവ്യം ദൈവിക ശരീഅത്ത് പ്രബോധനം ചെയ്യുകയും അതു നടപ്പിലാക്കുകയുമാണ്. ഈജിപ്തിൽ നടപ്പുള്ള ദൈവേതര നിയമവ്യവസ്ഥയുടെ പ്രയോക്താവാകുന്നത് അദ്ദേഹത്തിനു ഭൂഷണമല്ല. അതുകൊണ്ട് ആ അനഭിമത നടപടിയിൽനിന്ന് അദ്ദേഹത്തെ രക്ഷിക്കാനും സഹോദരനെ ഈജിപ്തിൽ പിടിച്ചു നിർത്താനും വേണ്ടി അല്ലാഹു അദ്ദേഹത്തിനു നൽകിയ സൂത്രമായിരുന്നു, സഹോദരനെ പിടിച്ചു നിർത്തുന്ന ശരീഅത്ത് നിയമം അവനെക്കൊണ്ടു തന്നെ സമ്മതിപ്പിക്കുന്ന ഈ നടപടി. രണ്ടാമത്തെ അർഥം കൽപിക്കുന്നവരുടെ വ്യാഖ്യാനം ഇപ്രകാരമാണ്: ഈജിപ്തിൽ നിലവിലുണ്ടായിരുന്ന ക്രിമിനൽ നിയമപ്രകാരം മോഷ്ടാവിനുള്ള ശിക്ഷ മോഷ്ടിക്കപ്പെട്ട മുതലിന്റെ ഇരട്ടി പിഴചുമത്തുകയും കുറച്ചു ദേഹദണ്ഡനവുമായിരുന്നു. ഇതുപ്രകാരം കളവു തെളിഞ്ഞാലും ബിൻയാമിനെ ഈജിപ്തിൽ പിടിച്ചു നിർത്താൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. പക്ഷേ, സഹോദരനെ തന്നോടൊപ്പം നിർത്തണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം ആക്ഷേപത്തിനിടയില്ലാത്ത വിധത്തിൽ സഫലമാകണമെന്ന് അല്ലാഹു നിശ്ചയിച്ചിരുന്നു. അതിനുവേണ്ടി അവൻ ഉപദേശിച്ചതായിരുന്നു ഈ തന്ത്രം. ഈ ഉപദേശം ദിവ്യബോധനത്തി –വഹ്യി–ലൂടെയാവാം, തക്കസമയത്തുണ്ടായ ബോധോദയത്തിലൂടെയാവാം, ഫലസ്തീനി സമ്പ്രദായത്തിൽ നേരത്തെ അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യത്തിലൂടെയാവാം. എങ്ങനെയായിരുന്നാലും അല്ലാഹുവിന്റെ സവിശേഷമായ ഇടപെടൽ അതിലുണ്ടായിരുന്നുവെന്നാണ് كَذَٰلِكَ كِدْنَا لِيُوسُفَ എന്ന വാക്യം വ്യക്തമാക്കുന്നത്. പശ്ചാത്തലവുമായി കൂടുതൽ യോജിക്കുന്ന വ്യാഖ്യാനം ഇതാണ്.

യൂസുഫ് നബി സഹോദരൻ ബിൻയാമിനെ തന്നോടൊപ്പം നിർത്തണമെന്ന് തീരുമാനിച്ചതിന് രണ്ടു കാരണമുണ്ടായിരുന്നു. ബിൻയാമിന്റെ സുരക്ഷ തന്നെയായിരുന്നു ഒന്ന്. ഇനി റേഷൻ ലഭിക്കണമെങ്കിൽ ബിൻയാമിനെ ഹാജരാക്കണമെന്ന് ശഠിച്ചതുകൊണ്ടാണ് സഹോദരന്മാർ അവനെ കൊണ്ടുവന്നത്. റേഷൻ ലഭിച്ചതോടെ അവരുടെ ആവശ്യം പൂർത്തിയായി. ചെറുപ്പത്തിലേ അവർക്കു തന്നോടും ബിൻയാമീനോടുമുണ്ടായിരുന്ന അസൂയയും വിദ്വേഷവും അദ്ദേഹത്തിന് നന്നായറിയാം. പിതാവിനെ പറഞ്ഞു പറ്റിച്ച് തന്നെ മേച്ചിൽപുറത്തേക്കു കൂട്ടിക്കൊണ്ടുപോയി കിണറ്റിൽ തള്ളിയവരാണവർ. എന്നിട്ട് തന്റെ കുപ്പായത്തിൽ കള്ളച്ചോര പുരട്ടി, അതുകാണിച്ച് തന്നെ ചെന്നായ തിന്നുകളഞ്ഞുവെന്നാണവർ പിതാവിനോട് പറഞ്ഞത്. അതുകൊണ്ട് അവരുടെ കൂടെ അയച്ചാൽ ബിൻയാമീൻ വീട്ടിൽ തിരിച്ചെത്തുകയില്ലെന്ന് അദ്ദേഹം ഭയപ്പെട്ടു. അനേകവർഷങ്ങളായി കാണാതിരുന്ന സഹോദരനെ കണ്ടുമുട്ടിയപ്പോൾ വിട്ടുപിരിയാനുള്ള വൈമുഖ്യമായിരുന്നു രണ്ടാമത്തേത്. സഹോദരനെ കൂടെ നിർത്താൻ ഇത്തരമൊരു തന്ത്രം സ്വീകരിച്ചതിൽ, മൂത്ത സഹോദരന്മാരുടെ മനോഭാവത്തിൽ മാറ്റം വന്നിട്ടുണ്ടോ; അതല്ല തങ്ങളോടുള്ള പഴയ പകയും വിദ്വേഷവും ഇപ്പോഴും അവർ പുലർത്തുന്നുണ്ടോ എന്നറിയുക എന്ന ഉദ്ദേശ്യവും കൂടി ഉണ്ടായിരുന്നതായും, അടുത്ത സൂക്തത്തിലെ 'അവൻ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ അത്ഭുതമില്ല, അവന്റെ സഹോദരനും പണ്ട് മോഷ്ടിച്ചിട്ടുണ്ട്' എന്ന പ്രസ്താവന അവരുടെ നിലപാടിൽ കാര്യമായ മാറ്റം വന്നിട്ടില്ല എന്നു സൂചിപ്പിക്കുന്നതായും ചിലർ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

مَا كَانَ لِيَأْخُذَ أَخَاهُ فِي دِينِ الْمَلِكِ എന്ന വാക്യത്തെ ഈ രണ്ടാമതു പറഞ്ഞ അർഥത്തിൽ മനസ്സിലാക്കുമ്പോൾ ഒരു ചോദ്യം ഉയർന്നുവരാം. ബിൻയാമിനെ പിടിച്ചു നിർത്തുക എന്ന താൽക്കാലിക ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം ഈ കേസിൽ ഇബ്റാഹീമീ ശരീഅത്തിനെ അവലംബിച്ചത്, അതില്ലായിരുന്നുവെങ്കിൽ ഇതിലും അദ്ദേഹം രാജ നിയമം തന്നെ നടത്തുമായിരുന്നുവെന്നല്ലേ അതിന്റെ ധ്വനി? ഈ കേസു തന്നെ

പ്രസ്തുത ലക്ഷ്യത്തിനുവേണ്ടി കൃത്രിമമായി നിർമിക്കപ്പെട്ടതാകുന്നു എന്നതാണല്ലോ യാഥാർഥ്യം. അപ്പോൾ ആദ്യം ചിന്തിക്കേണ്ട വിഷയം അത്തരമൊരു നടപടി ഒരു പ്രവാചകന് ഭൂഷണമാണോ എന്നതാകുന്നു.

സാധാരണ ഗതിയിൽ ആളുകളെ ചതിക്കുന്നതും കുതന്ത്രം പ്രയോഗിച്ചു ദ്രോഹിക്കുന്നതും പ്രവാചകന്മാർക്കെന്നല്ല മാന്യന്മാരായ ആർക്കും ഭൂഷണമല്ല. എന്നാൽ അവിഹിതമായ സ്വാർഥലാഭങ്ങൾക്കുവേണ്ടി അന്യരെ ചതിക്കുകയോ ദ്രോഹിക്കുകയോ ചെയ്യാനവലംബിക്കുന്ന തന്ത്രങ്ങളാണ് കുതന്ത്രങ്ങളാവുക. സദുദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ദ്രോഹകരമല്ലാത്ത തന്ത്രങ്ങൾ അവലംബിക്കുന്നത് അനുവദനീയമാണ്. പ്രവാചകന്മാരടക്കമുള്ള എല്ലാ മഹാന്മാരുടെയും ജീവിതത്തിൽ അതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. توریة എന്നാണ് അതിനു പറയുക. പ്രത്യക്ഷമായ അർഥങ്ങൾക്കുപിന്നിൽ ഗൂഢാർഥങ്ങൾ ഒളിപ്പിച്ചുവെച്ചുകൊണ്ട് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യലാണത്. സഹോദരനെ രക്ഷിക്കുക, അവന്റെ സാമീപ്യമനുഭവിക്കുക, സഹോദരന്മാരുടെ മനോഭാവമറിയുക, ഒടുവിൽ പിതാവിനെയും സഹോദരന്മാരെയും അവരുടെ കുടുംബങ്ങളെയും ഈജിപ്തിലെത്തിക്കുക തുടങ്ങിയ ഉത്തമ ലക്ഷ്യങ്ങളായിരുന്നു യൂസുഫ് നബിയുടെ മുന്നിലുണ്ടായിരുന്നത്. താൻ ആരാണെന്നു വെളിപ്പെടുത്താൻ അപ്പോൾ സമയമായിരുന്നില്ല. ബിൻയാമിനെ പിടിച്ച് അടിമയാക്കാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. സഹോദരന്മാർ തൽക്കാലം കുറച്ചു മാനസിക പ്രയാസമനുഭവിച്ചിരിക്കാം. യൂസുഫിനോട് ചെയ്ത കടും കൈ ഓർക്കുമ്പോൾ അത്രയെങ്കിലും തീർച്ചയായും അവരനുഭവിക്കേണ്ടതാണ്. നിരപരാധിയായ ബിൻയാമിനാകട്ടെ, യൂസുഫ്(അ) സംഗതികളെല്ലാം അദ്ദേഹത്തോട് നേരത്തെ പറഞ്ഞിട്ടുള്ളതുകൊണ്ട് മനക്ലേശത്തിനിടമില്ല താനും.

പ്രവാചകൻ എന്ന നിലയിൽ മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ദൈവിക ശരീഅത്ത് പ്രബോധനം ചെയ്യുകയും നടപ്പിലാക്കുകയും തന്നെയായിരുന്നു യൂസുഫ് നബിയുടെയും ചുമതല. ഈജിപ്തിന്റെ ഭരണകർത്താവ് എന്ന നിലയിൽ അദ്ദേഹം ആ ചുമതല നിർവഹിച്ചിരുന്നു എന്നു തന്നെയാണ് കരുതേണ്ടത്. പക്ഷേ, പ്രവാചകനായാലും ഒരു രാജ്യത്തിന്റെ നിയമങ്ങൾ സമൂലം മാറ്റിമറിക്കുക എളുപ്പമുള്ള കാര്യമല്ല. സന്ദർഭങ്ങളുടെയും സാഹചര്യങ്ങളുടെയും സ്വഭാവമനുസരിച്ച് ക്രമപ്രവൃദ്ധമായേ അതു സാധിക്കുകയുള്ളൂ. യൂസുഫ് നബിക്ക് ഭരണാധികാരം ലഭിച്ചത് നാട്ടുകാരൊന്നടങ്കം ഇസ്ലാമിലേക്ക് മാനസാന്തരപ്പെട്ട ശേഷമായിരുന്നില്ല. അധികാരലബ്ധി ജനങ്ങളുടെ മനപരിവർത്തനത്തിനുള്ള മാർഗമാക്കുകയായിരുന്നു അദ്ദേഹം. അത്തരമൊരു ചുറ്റുപാടിൽ ജനങ്ങളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ചേ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ദൈവിക നിയമങ്ങൾ നടപ്പിലാക്കാൻ കഴിയൂ. മാനസാന്തരപ്പെട്ടു കഴിഞ്ഞ സമൂഹത്തിലും മാനസാന്തരത്തിന്റെ തോതും സ്വഭാവവും പരിഗണിച്ചുവേണം പുതിയ നിയമങ്ങൾ നടപ്പിലാക്കാൻ. മുഹമ്മദ് നബി(സ) പ്രവാചകത്വം ലഭിച്ച് പതിമൂന്നു കൊല്ലക്കാലം ഇസ്ലാമിക സാമൂഹിക നിയമങ്ങൾ നടപ്പിലാക്കിയിരുന്നില്ല. ഹിജ്റക്കു ശേഷമുള്ള പത്തുവർഷത്തിനിടയിൽ പടിപടിയായാണത് നടപ്പിലാക്കിയത്. അതുകൊണ്ട് ഈജിപ്തിൽ അധികാരമേറ്റ യൂസുഫ്(അ) ആദ്യകാലത്ത് ചില കാര്യങ്ങളിൽ രാജകീയ നിയമം മാറ്റി ഇസ്ലാമിക നിയമം നടപ്പിലാക്കിയില്ലെങ്കിൽ അതിൽ അസാധാരണമായി ഒന്നുമില്ല.

ഈ സൂക്തത്തിലെ فِى دِينِ ٱلْمَلِكِ എന്ന വാക്ക് ഏറെ ശ്രദ്ധേയമാകുന്നു. രാജാവിന്റെ മതത്തിൽ എന്നും അതിനർഥമാകാം. അങ്ങനെ തർജമ ചെയ്താലും അതുകൊണ്ടുദ്ദേശിക്കുന്നത് ആ രാജാവ് നടപ്പിലാക്കിക്കൊണ്ടിരുന്ന ക്രിമിനൽ നിയമവ്യവസ്ഥയാണെന്നതിൽ തർക്കമില്ല. ദീൻ എന്നാൽ ആത്മീയമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളുമാണ്, ഭൗതിക ജീവിതവുമായും ഭരണ-രാഷ്ട്രീയ കാര്യങ്ങളുമായും അതിന്നു യാതൊരു ബന്ധവുമില്ല എന്ന സങ്കൽപത്തെ നിഷേധിക്കുന്നുവെന്നതാണതിലെ ശ്രദ്ധേയ വശം. രാഷ്ട്രീയവും ഭരണവും ഉൾപ്പെടെ സ്വകാര്യ ജീവിതത്തെയും പൊതുജീവിതത്തെയും ആത്മീയ ജീവിതത്തെയും ഭൗതിക ജീവിതത്തെയുമെല്ലാം സമഗ്രമായി ഉൾക്കൊള്ളുന്ന ധർമവ്യവസ്ഥയുടെ പേരായിട്ടാണ് വിശുദ്ധ ഖുർആൻ 'ദീൻ' എന്ന പദം ഉപയോഗിക്കുന്നത്. സൂറ *അന്നൂർ* 2-ാം സൂക്തത്തിൽ, വ്യഭിചാരത്തിലേർപ്പെടുന്ന സ്ത്രീ പുരുഷന്മാരെ ശിക്ഷിക്കുന്നതിൽ വിശ്വാസികൾ ദാക്ഷിണ്യം കാണിക്കേണ്ടതില്ല എന്നനുശാസിക്കുന്നത് ഇങ്ങനെയാണ് وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِى دِينِ ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ (അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരെങ്കിൽ, അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തിൽ ആ രണ്ടു പേരോടും നിങ്ങളെ ദാക്ഷിണ്യം ബാധിക്കാതിരിക്കട്ടെ). വിശ്വാസവുമായോ ആരാധനയുമായോ ബന്ധമില്ലാത്ത ഒരു ക്രിമിനൽ നടപടിയെയാണ് ഇവിടെയും ദീനുല്ലാഹി -ദൈവിക ദീൻ ആയി വിശേഷിപ്പിച്ചിരിക്കുന്നത്. ഈ വിധം ജീവിതത്തെ സമഗ്രമായി നിയന്ത്രിക്കുന്ന ധർമ വ്യവസ്ഥയെക്കുറിച്ചാണ് ഖുർആൻ إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَـٰمُ (അല്ലാഹുവിങ്കൽ സ്വീകാര്യമായ 'ദീൻ' ഇസ്ലാം മാത്രമാകുന്നു) എന്നും وَمَن يَبْتَغِ غَيْرَ ٱلْإِسْلَـٰمِ دِينًا فَلَن يُقْبَلَ مِنْهُ (ആരെങ്കിലും ഇസ്ലാം അല്ലാത്തതിനെ ദീൻ ആയി തേടുന്നുവെങ്കിൽ അവനിൽനിന്ന് അത് സ്വീകരിക്കപ്പെടുന്നതല്ല) എന്നും പ്രസ്താവിച്ചിട്ടുള്ളത്.

نَرْفَعُ دَرَجَـٰتٍ مَّن نَّشَآءُ (നാം ഇഛിക്കുന്നവർക്ക് പദവികൾ ഉയർത്തിക്കൊടുക്കുന്നു) എന്ന വാക്യത്തിന്റെ താൽപര്യമിതാണ്. അല്ലാഹു ഒരുവനെ ഉയർത്തണമെന്നും വളർത്തണമെന്നും തീരുമാനിച്ചാൽ, ആരൊക്കെ എങ്ങനെയൊക്കെ തടഞ്ഞാലും എല്ലാം പ്രതിബന്ധങ്ങളെയും മറികടന്ന് അവൻ ഉയരുകയും വളരുകയും തന്നെ ചെയ്യും. യൂസുഫ് ആദ്യം സ്വന്തം സഹോദരന്മാരാൽ പൊട്ടക്കിണറ്റിലെറിയപ്പെട്ടവനാണ്. പിന്നീട് വളരെക്കാലം അടിമയായി കഴിയേണ്ടി വന്നു അതിനുശേഷം കുറ്റവാളി എന്ന നിലയിൽ കുറെ കൊല്ലങ്ങൾ കാരാഗൃഹവാസിയായി. അതേ യൂസുഫാണ് ഇപ്പോൾ ഈജിപ്തിന്റെ അധിപതിയായി വാഴുന്നത്. നാളെ പരലോകത്തും അദ്ദേഹം ഉന്നതനായി വാഴും. അദ്ദേഹത്തെ അവ്വിധം ഉന്നതിയിലേക്കുയർത്തണമെന്ന് അല്ലാഹു തീരുമാനിച്ചിരുന്നു എന്നതാണ് അതിന്റെ ആത്യന്തികമായ കാരണം.

وَفَوْقَ كُلِّ ذِى عِلْمٍ عَلِيمٌ എന്ന വാക്യത്തിനു വിശാലമായ അർഥ തലങ്ങളുണ്ട്. മുൻവാക്യവുമായി ചേർത്തു വെക്കുമ്പോൾ കിട്ടുന്ന ഒരാശയം ഇതാണ്: യൂസുഫിനെ കിണറ്റിലെറിഞ്ഞ സഹോദരന്മാരും ജയിലിലടച്ച പ്രഭുക്കളും അവരുടെ പെണ്ണുങ്ങളുമെല്ലാം വളരെ അറിവും സാമർഥ്യവുമുള്ളവരാണ്. തങ്ങളുടെ സാമർഥ്യത്തിലൂടെ യൂസുഫിനെ നിന്ദിക്കാമെന്നും നശിപ്പിക്കാമെന്നും അവർ കരുതി. പക്ഷേ, അവർക്കെല്ലാം മീതെ ഒരു സർവജ്ഞനും സർവശക്തനുമുണ്ട്. അവന്റെ തീരുമാനമാണ് നടപ്പിലായത്, അതേ നടപ്പിലാകൂ. മറ്റൊരാശയം ഇപ്രകാരമാണ്: ചില ആളുകൾ ഈ ലോകത്തെ സ്വന്തം ഇന്ദ്രിയങ്ങൾ കൊണ്ടുമാത്രം അറിയുകയും ആ അറിവ് തന്നെയാണ് ജ്ഞാന സർവസ്വം എന്നഹങ്കരിക്കുകയും ചെയ്യുന്നു. ഇന്ദ്രിയാതീതമായ യാഥാർഥ്യങ്ങളെ അവർ പുഛിച്ചു തള്ളുന്നു. എല്ലാ വിദ്വാന്മാർക്കും മീതെ ഒരു സർവജ്ഞനുമുണ്ടെന്നും അവനാണീ ലോകത്തെ പരിപാലിച്ചുകൊണ്ടിരിക്കുന്നതെന്നും അവരറിയുന്നില്ല. യൂസുഫ് കഥ കേൾപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ഖുറൈശികൾക്ക് സൂക്ഷ്മമായ ഒരു താക്കീത് ഇത് ഉൾക്കൊള്ളുന്നുണ്ട്.

ഇന്ന് മുഹമ്മദ് നബിയുടെയും ശിഷ്യന്മാരുടെയും ശോച്യാവസ്ഥകണ്ട് അദ്ദേഹം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും ഞങ്ങൾ ജയിച്ചു കയറുകയാണെന്നും നിങ്ങൾ നിഗളിക്കേണ്ട. ഭാവിയിൽ സംഭവിക്കാൻ പോകുന്നത് നിങ്ങൾ കണക്കുകൂട്ടുന്നത് ആയിരിക്കുകയില്ല. യൂസുഫിന്റെ(അ) ചരിത്രം അതിന്റെ സാക്ഷ്യമാണ്. നിങ്ങളുടെ അറിവുകൾക്കും കണക്കുകൂട്ടലുകൾക്കുമപ്പുറം ആത്യന്തികനായ ഒരറിവാളനുണ്ട്. ഈ പ്രവാചകൻ ഇപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പീഡനങ്ങളും പ്രയാസങ്ങളും യൂസുഫ് നബിയുടെ കാര്യത്തിലെന്ന പോലെ ഇദ്ദേഹത്തിന്റെ കാര്യത്തിലും ഭാവിയിലെ മഹാവിജയങ്ങളിലേക്കുള്ള ശ്രേണികളാക്കി മാറ്റാൻ അവന്നറിയാം.

ذِى عِلۡمٍ– عَلِيمٌ എന്നീ വാക്കുകളിൽ ദൈവശാസ്ത്രപരമായ ഒരു പൊരുൾ ഉള്ളതായി ചില ഖുർആൻ വ്യാഖ്യാതാക്കൾ സൂചിപ്പിച്ചിരിക്കുന്നു. അറിവുടയവൻ– അറിവിന്റെ ഉടമ ആണ് ذِى عِلۡمٍ. ഉടമ വേറെ അറിവ് വേറെ. ഉടമ ഉണ്ടായ ശേഷമാണ് അയാൾ അറിവ് ഉടമപ്പെടുത്തുന്നത്. പുറത്തുനിന്ന് ആർജിക്കുന്ന ജ്ഞാനമാകട്ടെ, സമ്പത്താകട്ടെ, അധികാരമാകട്ടെ– ഏതു സൗഭാഗ്യത്തിനും പരിമിതിയുണ്ടാകും. علم (ജ്ഞാനം)– സത്താഗുണമായിട്ടുള്ള അസ്തിത്വമാണ് عَلِيمٌ. അവന്റെ ജ്ഞാനം ആർജിതമല്ല. അങ്ങനെയുള്ളവൻ അല്ലാഹു മാത്രമേയുള്ളൂ. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നാണ് عَلِيمٌ. ഇവിടെ സർവജ്ഞരായി നിഗളിക്കുന്ന അൽപജ്ഞർക്കെല്ലാം മീതെയുള്ള ജ്ഞാന സ്വരൂപനായ യഥാർഥ സർവജ്ഞനാണവൻ. പ്രപഞ്ച കാര്യങ്ങൾ നിശ്ചയിക്കുന്നതും നടത്തുന്നതും അവനാണ്.

**77:** ഈ പ്രസ്താവന യൂസുഫ് നബി അറിയാനാഗ്രഹിച്ച, തന്നോടും ബിൻയാമീനോടുമുള്ള ചിറ്റമ്മ മക്കളുടെ മനോഭാവം തുറന്നു കാണിക്കുന്നതാണ്. അവരുടെ വെറുപ്പിനും വിദ്വേഷണത്തിനും ഇപ്പോഴും കുറവൊന്നും വന്നിട്ടില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. ബിൻയാമീനോട് സ്നേഹമുണ്ടായിരുന്നുവെങ്കിൽ അവർ പറയേണ്ടതിങ്ങനെയായിരുന്നു: 'പ്രഭോ, ഇതിലെന്തോ ചതിയുണ്ട്. ഞങ്ങളുടെ സഹോദരൻ ഒരിക്കലും മോഷണം നടത്തുകയില്ല. വിജ്ഞനും സന്മാർഗനിഷ്ഠനുമായ ഞങ്ങളുടെ പിതാവിന്റെ സവിശേഷ ശിക്ഷണത്തിൽ വളർന്നവനാണവൻ. അങ്ങയുടെ ചഷകം ആരോ അവനറിയാതെ അവന്റെ ചാക്കിൽ വെച്ചതാണ്. ഇപ്രാവശ്യവും ഇതിനുമുമ്പും ഞങ്ങൾ കൊണ്ടുവന്ന ധാന്യവില ഞങ്ങളറിയാതെ ഞങ്ങളുടെ ചാക്കിൽ വെച്ചു കെട്ടിയിരുന്നുവല്ലോ. തീർച്ചയായും അതു ചെയ്തവർ തന്നെയായിരിക്കണം ഇതും ചെയ്തത്.''

അതിനു പകരം ബിൻയാമീനിൽ മോഷണക്കുറ്റം സ്ഥിരീകരിക്കാനാണവർ വ്യഗ്രത കാട്ടിയത്. ഇവൻ ഞങ്ങളുടെ നേർ സഹോദരനല്ല. പിതാവിന് മറ്റൊരു ഭാര്യയിൽ ജനിച്ച പുത്രനാണ്. മാതാവ് വഴി പാരമ്പര്യമായി ലഭിച്ച ദുശ്ശീലമാണിവന്റെ മോഷണം. ഇവൻ മാത്രമല്ല, ഇവന്റെ മാതാവിൽ ജനിച്ച മറ്റൊരു സഹോദരനുണ്ടായിരുന്നു. നേരത്തെ മരിച്ചു പോയ യൂസുഫ്. അവനും മോഷ്ടിക്കാറുണ്ടായിരുന്നു. ബിൻയാമീനോടു മാത്രമല്ല മരിച്ചു പോയെന്ന് വിശ്വസിക്കപ്പെടുന്ന തന്നോടും അവർ കടുത്ത പകയും വിദ്വേഷവും പുലർത്തുന്നുവെന്ന് വ്യക്തമാക്കുന്ന ഈ വർത്തമാനം യൂസുഫിനെ വല്ലാതെ നോവിച്ചു. എങ്കിലും അദ്ദേഹം പൊട്ടിത്തെറിച്ചില്ല. നീരസം പ്രകടിപ്പിക്കുകപോലും ചെയ്യാതെ എല്ലാം മനസ്സിലൊതുക്കി ഇങ്ങനെ ആത്മഗതം ചെയ്തു: 'നിങ്ങൾ മഹാദുഷ്ടന്മാർ തന്നെയാണ്. നിങ്ങളീ പറയുന്ന ആരോപണത്തിന്റെ യാഥാർഥ്യം അല്ലാഹുവിന്നറിയാമെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. أَنتُمۡ شَرٌّ مَّكَانًاۖ وَٱللَّهُ أَعۡلَمُ بِمَا تَصِفُونَ എന്നാണ് മൂലവാക്യം. സ്ഥാനത്താൽ ദുഷിച്ചത് എന്നാണ് شَرٌّ مَّكَانًا ന്റെ ഭാഷാർഥം. ഇതിന്റെ വിവക്ഷ നിങ്ങൾ ഏറ്റം അധമസ്ഥാനത്ത് നിലകൊള്ളുന്നവരാണ് എന്നാവാം. നിങ്ങൾ എന്നെയും സഹോദരനെയും ദുഷിക്കുന്നുവെങ്കിലും ഞങ്ങളുടേതിനെ അപേക്ഷിച്ച് അങ്ങേയറ്റം ദുഷിച്ച സ്ഥാനമാണ് നിങ്ങൾക്കുള്ളത് എന്നുമാകാം.

وصف (വിശേഷണം) ൽനിന്നുള്ള ക്രിയയായ وَصَفَ യുടെ മധ്യമ പുരുഷ ബഹുവചന വർത്തമാന ക്രിയയാണ് تصفون. വർണിച്ചു, ആരോപിച്ചു, പറഞ്ഞു എന്നും وَصَفَക്ക് പ്രയോഗാർഥമുണ്ട്. ഉദാ: تَصِفُ أَلۡسِنَتُهُمُ ٱلۡكَذِبَ أَنَّ لَهُمُ ٱلۡحُسۡنَىٰ (തങ്ങൾക്ക് നന്മയാണുള്ളതെന്ന് അവരുടെ നാവുകൾ കളവു പറയുകയും ചെയ്യുന്നു'' – 16:62).

وَلَا تَقُولُواْ لِمَا تَصِفُ أَلۡسِنَتُكُمُ ٱلۡكَذِبَ هَٰذَا حَلَٰلٌ وَهَٰذَا حَرَامٌ

(ഇന്നത് അനുവദനീയം, ഇന്നത് നിഷിദ്ധം എന്നിങ്ങനെ നിങ്ങളുടെ നാവുകൾ ആരോപിക്കുന്നതൊക്കെ പറയാതിരിക്കുവീൻ – 16:117).

യൂസുഫ് നബിയുടെ പേരിൽ ആരോപിച്ച മോഷണക്കുറ്റം സഹോദരന്മാർ വിദ്വേഷ പ്രേരിതരായി മനപൂർവം കെട്ടിച്ചമച്ചതാണെന്നാണ് പ്രഗത്ഭരായ ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ദുർബലമായ ചില നിവേദനങ്ങളുടെ വെളിച്ചത്തിൽ ഇതിനു ബാലിശമായ ഒരാധാരമുണ്ടെന്നഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്. കഥ ഇങ്ങനെ: 'യഅ്ഖൂബ് നബിക്ക് ഒരു മൂത്ത സഹോദരിയുണ്ടായിരുന്നു. മാതാവിന്റെ മരണാനന്തരം കുട്ടിയായ യൂസുഫിന്റെ പരിചരണം ഇവർ ഏറ്റെടുത്തു. കുട്ടി വളർന്നു വിവേചന പ്രായമെത്തിയപ്പോൾ യഅ്ഖൂബ് അവനെ സ്വവസതിയിലേക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. പക്ഷേ, കുട്ടിയെ വളരെയേറെ സ്നേഹിച്ച അമ്മായി അവനെ പിരിയാൻ ഇഷ്ടപ്പെട്ടില്ല. യഅ്ഖൂബ് മകനെ കൊണ്ടുപോവുക തന്നെ ചെയ്യുമെന്നു ഉറപ്പായപ്പോൾ അമ്മായി ഒരു സൂത്രം ചെയ്തു. അവരുടെ കൈവശം പിതാവായ ഇസ്ഹാഖ് നബിയിൽനിന്ന് അനന്തരാവകാശമായി ലഭിച്ച ഒരു അരപ്പട്ടയുണ്ടായിരുന്നു. അതവർ യൂസുഫിന്റെ വസ്ത്രത്തിനുള്ളിലായി അരയിൽ കെട്ടി. അനന്തരം തന്റെ അരപ്പട്ട മോഷണം പോയതായി പറയുകയും തെരഞ്ഞുനടന്ന് ഒടുവിൽ യൂസുഫിന്റെ അരയിൽനിന്ന് കണ്ടെടുക്കുകയും ചെയ്തു. തുടർന്ന്, മോഷ്ടാവ് മോഷണവസ്തുവിന്റെ ഉടമയുടെ അടിമയാകണമെന്നാണ് നിയമമെന്ന് ന്യായം പറഞ്ഞു അവർ കുട്ടിയെ കൂടെ നിർത്താൻ ശ്രമിച്ചു. മറ്റൊരു കഥ ഇങ്ങനെയാണ്. 'യൂസുഫിന്റെ മാതാവ് റാഹേലിന്റെ പിതാവ് വിഗ്രഹാരാധകനായിരുന്നു. ബാലനായ യൂസുഫ് ഒരു ദിവസം ആരും കാണാതെ മാതാമഹൻ ആരാധിച്ചിരുന്ന ചില വിഗ്രഹങ്ങൾ എടുത്തുകൊണ്ടുപോയി നശിപ്പിച്ചു.' ഈ സംഭവങ്ങളെ ഉദ്ദേശിച്ചാണ് സഹോദരന്മാർ അദ്ദേഹത്തിൽ മോഷണം ആരോപിച്ചത്. ഇതെക്കുറിച്ചാണ് ഈ ആരോപണങ്ങളുടെ യാഥാർഥ്യം അല്ലാഹുവിന്നറിയാം എന്ന് അദ്ദേഹം പറയുന്നത്.

ഈ കഥകളെല്ലാം അടിസ്ഥാന രഹിതമാണ്. സഹോദരന്മാർ മനപൂർവം കെട്ടിച്ചമതാണ് യൂസുഫ് നബിയുടെ പേരിലുന്നയിച്ച ആരോപണം എന്ന വീക്ഷണമാണ് പ്രബലമായിട്ടുള്ളത്. .....قَالَ أَنتُمۡ എന്നു തുടങ്ങുന്ന വാക്യം യൂസുഫ്(അ) സഹോദരന്മാരോട് പ്രസ്താവിച്ചതാണെന്നാണ് ചില പണ്ഡിതന്മാർ കരുതുന്നത്. അദ്ദേഹത്തിന്റെ മനസ്സിലുയർന്ന ഒരാത്മഗതമാണതെന്ന് കരുതുന്നതാണ് കൂടുതൽ ഉചിതം. തൊട്ടുമുമ്പുള്ള فَأَسَرَّهَا يُوسُفُ فِى نَفۡسِهِۦ وَلَمۡ يُبۡدِهَا لَهُمۡ –യൂസുഫ് അതു മനസ്സിലൊളിപ്പിച്ചു, അവർക്കു മുമ്പിൽ പ്രകടിപ്പിച്ചില്ല– എന്നവാക്യം ബലപ്പെടുത്തുന്നതതിനെയാണ്. ■